**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1046** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ സാന്നിധ്യം മനസ്സിലാക്കാൻ നൂതന സാങ്കേതിക വിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. സനീഷ്കുമാർ ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സജീവ് ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുമ്പോൾ ജനങ്ങളെ അറിയിക്കാൻ നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുമ്പോൾ ജനങ്ങളെ അറിയിക്കാൻ നൂതന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നു. നൂതന സാങ്കേതിക വിദ്യയിലൂന്നിയുള്ള നിരീക്ഷണ പരിപാടികളും മറ്റിതര സംരക്ഷണ സംവിധാനങ്ങളും നടപ്പിലാക്കാനായി മിഷൻ Real Time Monitoring എന്ന തീവ്രയജ്ഞ പരിപാടി മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി സർക്കാർ രൂപപ്പെടുത്തി നടപ്പിലാക്കിവരുന്ന 10 മിഷനുകളിൽ ഒന്നാണ്. MSTrIPES മോണിറ്ററിംഗ്, ANIDERS സംവിധാനം, AI അധിഷ്ഠിത ക്യാമറകൾ, നൈറ്റ് വിഷൻ ക്യാമറകളും ഡ്രോണുകളും ഉപയോഗിച്ചുള്ള നിരീക്ഷണം, AI സ്മാർട്ട് ഫെൻസിംഗ് സിസ്റ്റം, SARPA ആപ്പ് തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഇതിനായി വിവിധ ഭാഗങ്ങളിൽ ഉപയോഗിക്കുന്നു. കൂടാതെ ഡിജിറ്റൽ ഡിസ്പ്ലേ ബോർഡുകൾ ഉൾപ്പെടെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ, SMS അലെർട്ട് സിസ്റ്റം, പൊതുജന പങ്കാളിത്തത്തോടെയുള്ള വാട്സാപ്പ് കൂട്ടായ്മകൾ എന്നിവയും നിലവിലുണ്ട്. വന്യമൃഗ സാന്നിദ്ധ്യത്തെക്കുറിച്ച് നിരന്തരം നിരീക്ഷിക്കുന്നതിനും മുന്നറിയിപ്പുകൾ നൽകുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വനം ഡിവിഷൻ തലത്തിൽ 36 ഡിവിഷണൽ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകളും വനം വകുപ്പ് ആസ്ഥാനത്ത് സ്റ്റേറ്റ് ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററും പ്രവർത്തിച്ചുവരുന്നു. ഈ ഫോറസ്റ്റ് എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ദുരന്തനിവാരണ വകുപ്പിന്റെ ജില്ലാ/സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്ററുകളുമായി ചേർന്ന് മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനും നിവാരണത്തിനുമായി പ്രവർത്തിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | വന്യമൃഗങ്ങൾ ജനവാസമേഖലകളിലേക്ക് ഇറങ്ങുന്നത് തടയാൻ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ഉപയോഗിക്കുന്ന നൂതന സാങ്കേതികവിദ്യ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇവ സംസ്ഥാനത്ത് നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങ-ളിലും ഉപയോഗിക്കുന്ന നൂതന സാങ്കേതികവിദ്യകളിൽ നമ്മുടെ ഭൂമിശാസ്ത്ര പ്രത്യേകതകൾക്കും ഭൗതിക, സാമ്പത്തിക സാഹചര്യങ്ങൾക്കും അനുയോജ്യമായ റിയൽടൈം മോണിറ്ററിംഗ് സാങ്കേതിക വിദ്യയും നിർമ്മിതബുദ്ധിയും അടിസ്ഥാനമാക്കിയിട്ടുള്ള (പരീക്ഷണാടിസ്ഥാനത്തിലുള്ള) സ്മാർട്ട് ഫെൻസിംഗ്, നിരീക്ഷണ മുന്നറിയിപ്പ് സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണങ്ങൾ നടത്തി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ